# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3199 14/07/2015-ൽ മറുപടിക്ക്**

## കൊയിലാണ്ടി മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിൽ ആർ.ജി.ജി. വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുതീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 43% പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി 15/08/2015-ഓടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>(i) കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA ട്രാൻസ്ഫോർമർ മാറ്റി 20 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.<br><br>(ii) വടകര 110 കെ.വി. സബ്സ്റ്റേഷൻ മുതൽ വെസ്റ്റ് ഹിൽ 110 കെ.വി.സബ്സ്റ്റേഷൻ വരെ നിലവിലുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര മുതൽ കൊയിലാണ്ടി വരെയുള്ള ഭാഗത്ത് സ്റ്റബ് സെറ്റിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. കൊയിലാണ്ടി മുതൽ വെസ്റ്റ് ഹിൽ വരെയുള്ള ഭാഗത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

(ബി) ഇക്കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിൽ നിന്നും വൈദ്യുതി കണക്ഷനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര പേർക്ക് കണക്ഷൻ നൽകി; ഇനി എത്ര പേർക്ക് നൽകാനുണ്ട് ; നൽകാനുള്ളവർക്ക് എപ്പോൾ കണക്ഷൻ നൽകും ; വിശദമാക്കാമോ?

(ബി)

| കാലയളവ് | ലഭിച്ച അപേക്ഷകൾ (എണ്ണം) | നൽകിയ വൈദ്യുതി കണക്ഷനുകൾ (എണ്ണം) | നൽകാൻ ബാക്കിയുള്ളവ (എണ്ണം) |
|---|---|---|---|
| 2011-12 | 3428 | 3428 | 0 |
| 2012-13 | 3221 | 3221 | 0 |
| 2013-14 | 2999 | 2999 | 0 |
| 2014-15 | 3256 | 3256 | 0 |
| 2015-16 | 774 | 774 (01.07.15 വരെ) | 0 |
| മൊത്തം | 13678 | 13678 | 0 |

സെക്ഷൻ ഓഫീസർ